(സി) ഇത്തരം സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചെലവ് കേന്ദ്ര ഗവൺമെന്റ് ആണോ സംസ്ഥാന ഗവൺമെന്റാണോ വഹിക്കുന്നത്;

(ഡി) ഏതു തരത്തിലുള്ള വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഇത്തരം സ്കൂളുകൾ പ്രവർത്തിക്കുന്നത്;

(ഇ) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്നുറപ്പുവരുത്തുന്നത് എപ്രകാരമാണ്?

ഉത്തരം

(എ) 300.

(ബി) ഗവൺമെന്റ് മേഖലയിൽ.

(സി) ഡി.പി.ഇ.പി. പദ്ധതി പ്രകാരം നിലവിൽ വന്ന ഈ സ്കൂളുകൾക്ക് ധനസഹായം നൽകിയിരുന്നത് ഡി.പി.ഇ.പി. ആയിരുന്നു. എന്നാൽ ഇപ്പോൾ സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആനുപാതികമായി ഫണ്ടുകൾ ലഭ്യമാക്കിയാണ് ഈ സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നത്.

(ഡി) 5—14 വയസ്സുകൾക്കിടയിലുള്ളതും പല കാരണങ്ങളാൽ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്തവരുമായിട്ടുള്ള കുട്ടികളെ ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്. ഒരു കി. മീ. ചുറ്റളവിൽ മറ്റു വിദ്യാലയങ്ങളൊന്നുമില്ലാത്ത ആദിവാസി തീരദേശപ്രദേശങ്ങളിലാണ് ഈ വിദ്യാലയങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ഇ) എസ്.എസ്.എ. പദ്ധതിയിൻകീഴിൽ നിലവിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ, ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ ജില്ലാ പ്രോജക്ട് ഓഫീസുകൾ എന്നിവ വഴി ഇവയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നു. ഇതു കൂടാതെ മാസാന്ത്യ അവലോകനങ്ങൾ എല്ലാ ബി.ആർ.സി.-കളിലും ബദൽ വിദ്യാലയ വിദ്യാഭ്യാസ വോളന്റിയർമാരെ പങ്കെടുപ്പിച്ചു ചെയ്യുന്നുണ്ട്.

ആക്സസ് ആന്റ് ആൾട്ടർനേറ്റീവ് സ്കൂളുകളുടെ പാഠ്യപദ്ധതി

90 [5070] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ വി. ജെ. പൗലോസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സസ് ആന്റ് ആൾട്ടർനേറ്റീവ് സ്കൂളുകളുടെ പാഠ്യപദ്ധതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഇത്തരം സ്കൂളുകളിൽ എത്ര അദ്ധ്യാപകർ വീതമുണ്ട്;

(സി) അവർക്ക് എന്തെല്ലാം വിധത്തിലുള്ള പരിശീലനം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനാന്തർഭാഗത്ത് ഇത്തരത്തിൽപെട്ട എത്ര സ്കൂളുകളുണ്ട്;

(ഇ) വനാന്തർഭാഗത്തുള്ള ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകുന്ന താമസ സൗകര്യം എന്തെല്ലാമാണ്?

ഉത്തരം

(എ) ഇത്തരം ബദൽ സ്കൂളുകളിൽ പാഠപുസ്തകങ്ങൾക്കു പകരം സ്വയം പഠന കാർഡുകൾ ആണ് ഉപയോഗിക്കുന്നത്. ഈ പഠന സങ്കേതം അനുസരിച്ച് കുട്ടികളുടെ മുമ്പിൽ വച്ചിരിക്കുന്ന പഠന കാർഡുകൾ നോക്കി കുട്ടികൾക്ക് പഠിക്കാവുന്നതും ഈ പ്രക്രിയയിൽ അദ്ധ്യാപകർ ഒരു വഴികാട്ടിയും സഹായിയുമായും വർത്തിക്കാവുന്നതുമാണ്. 1 മുതൽ 4 വരെയുള്ള ഗ്രേഡുകളിൽ പഠിക്കുന്ന വിവിധ പ്രായത്തിലും ഗ്രാഹ്യ നിലവാരത്തിലുമുള്ള കുട്ടികൾ ഒരു ക്ലാസ്സിലിരിക്കുന്നു. ഇവരെ മുഴുവനും പഠിപ്പിക്കുന്നതാകട്ടെ ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ ഒരു അദ്ധ്യാഹിക. ഒന്ന് രണ്ട് ഗ്രേഡുകളിൽ ഭാഷയും കണക്കും മൂന്നും നാലും ഗ്രേഡുകളിൽ ഇവകൾ കൂടാതെ പരിസരപഠനവും ഈ പാഠ്യപദ്ധതിയിൽ ഉണ്ട്.

(ബി) ഒരു സ്കൂളിൽ ഒരു അദ്ധ്യാപകൻ വീതം ഉണ്ട്.

(സി) കുട്ടികളുടെ മനഃശാസ്ത്രം, ആശയവിനിമയം, രക്ഷാകർത്താക്കളോടുള്ള സമീപനം, ആദിവാസി വിഭാഗങ്ങൾക്ക് കെൽപ്പ് കൊടുക്കൽ ഇത്യാദി വിഷയങ്ങളെ അധികരിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) 90 സ്കൂളുകൾ.

(ഇ) ഇവർക്ക് പ്രത്യേകിച്ച് താമസസൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. എം.ജി.എൽ.സി.-കളിലോ അല്ലെങ്കിൽ ആദിവാസി കുടികളിലുള്ള പ്രായപൂർത്തിയായവർക്കു വേണ്ടി ആദിവാസികൾ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള സത്രങ്ങളിലോ ആണ് ഇവർ താമസിക്കുന്നത്.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മാറ്റിയതുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

91 [5071] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മാറ്റിയതിനാൽ എയ്ഡഡ് മേഖലയിലും സർക്കാർ മേഖലയിലും എത്ര അദ്ധ്യാപകർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്;

LIBRARY ARCHIVES Kerala Legislative Assembly